21
2026
ഫെബ്രുവരി
ശനി
കുംഭം 9

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 40 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-40 പേജ് 4, വില 2.00 രൂപ




02 പത്തു വർഷത്തെ പ്രവർത്തന നേട്ടങ്ങളുമായി ഹരിതകേരളം മിഷൻ
03 അന്തിമ വോട്ടർ പട്ടിക ശനിയാഴ്ച; ആകെ 2.69 കോടി വോട്ടർമാർ
04 സമൂഹത്തിന് മാതൃകയായി സ്ത്രീധന, മയക്കുമരുന്ന് വിരുദ്ധ സന്ദേശം

# ശസ്ത്രക്രിയാ ഉപകരണം വയറ്റിൽ ഇരുന്നാലും പ്രശ്നമില്ലെന്ന് ഡോക്ടർ

## വീട്ടമ്മ അഞ്ചു വർഷം കൊണ്ട് വേദനയിൽ



അമ്പലപ്പുഴ: വീട്ടമ്മയുടെ വയറ്റിൽ കത്രിക കണ്ടെത്തിയ സംഭവത്തിൽ വിചിത്ര വാദവുമായി ഡോക്ടർ രംഗത്ത്. മെഡിക്കൽ ഉപകരണങ്ങൾ വയറ്റിൽ ഇരുന്നാലും പ്രശ്നമില്ലെന്നും

ഇപ്പോഴത്തെ വേദന മെഡിക്കൽ ഉപകരണം ഇരുന്നത് കൊണ്ട് ആവണമെന്നില്ലെന്നുമുള്ള വിചിത്ര വാദമാണ് അന്നു ശസ്ത്രക്രിയ നടത്തിയ യൂണിറ്റിൻറെ മേധാവിയായ ഡോക്ടർ ലളിതാംബിക നിരത്തുന്നത്.

അന്നത്തെ ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ലളിതാംബികയുടെ യൂണിറ്റാണ് സർജറിക്കു മേൽനോട്ടം വഹിച്ചത്. ഡോ.ഷാഹിദയാണ് സർജറി നടത്തിയത്. ഡോ. ഷാഹിദ നിലവിൽ തിരുവനന്തപുരം എസ്എടി ആശുപത്രിയിലെ ഗൈനക്കോളജി യൂണിറ്റ് ചീഫാണ്.

സർജറിയിൽ എല്ലാ പ്രോട്ടോകോളും പാലിച്ചു. അന്ന് ഉപയോഗിച്ച എല്ലാം ഉപകരണങ്ങളും ആശുപത്രിയിലുണ്ടെന്നും ഡോ. ലളിതാംബിക പറയുന്നു.

ഡോക്ടറുടെ വിശദീകരണത്തിനെതിരേ ആരോഗ്യമന്ത്രി വീണാ ജോർജ് രൂക്ഷമായിട്ടാണ് പ്രതികരിച്ചത്. വിരമിച്ചവരാണെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ നിയമനടപടി നേരിടുമെന്നു മന്ത്രി മുന്നറിയിപ്പ് നൽകി. അതേസമയം, സംഭവത്തെക്കുറിച്ച് ഓർമയില്ലെന്നാണ് ഡോ.ഷാഹിദ മാധ്യമങ്ങളോടു പ്രതികരിച്ചത്. തുടർന്ന് ഇവർ ഫോൺ സ്വിച്ച് ഓഫ് ആക്കുകയും ചെയ്തു.

ശസ്ത്രക്രിയ ഉപകരണം വയറ്റിൽ ഇരുന്നാലും കുഴപ്പമില്ലെന്നു ഡോക്ടർ പറയുമ്പോൾ മെഡിക്കൽ കോളജ് ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കു വീട്ടമ്മ വയറ്റിൽ കത്രികയുമായി അഞ്ചു വർഷമായി വേദന തിന്നുകയായിരുന്നെന്നു കുടുംബാംഗങ്ങൾ പറയുന്നു.

പുന്നപ്ര തെക്ക് പഞ്ചായത്ത് അഞ്ചാം വാർഡ് നാൽപ്പതിൽച്ചിറ ഉഷാ ജോസഫാ(59) ണ് ഡോക്ടർമാരുടെ അനാസ്ഥയിൽ നരകയാതന അനുഭവിച്ചത്. ഗർഭപാത്രം നീക്കം ചെയ്യാനായി 2021 മേയ് 10 നാണ് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഉഷ ജോസഫിൻറെ ശസ്ത്രക്രിയ നടക്കുന്നത്.

ശസ്ത്രക്രിയയ്ക്കു ശേഷം കടുത്ത വേദന അനുഭവപ്പെടുകയും തുടർച്ചയായി രക്തസ്രാവം ഉണ്ടാകുകയും ചെയ്തു. വിവിധ ഡോക്ടർമാരുടെ ചികിത്സ തേടിയെങ്കിലും രോഗം ഭേദമായില്ല, കാരണവും കണ്ടെത്താനായില്ല. വർഷങ്ങൾ വേദന തിന്ന് ആശുപത്രികളിൽ കയറിയിറങ്ങി നടക്കുകയായിരുന്നു ഉഷ.

തുടർന്നു കഴിഞ്ഞ ദിവസം ആലപ്പുഴയിലുള്ള യൂറോളജി വിഭാഗം ഡോക്ടറെ സമീപിച്ചു. എക്സ്റേ ഉൾപ്പെടെയുള്ള പരിശോധനയ്ക്കു കുറിച്ചു നൽകി. തുടർന്നാണ് വയറിനുള്ളിൽ കത്രിക കുടുങ്ങിയത് കണ്ടെത്തിയത്. രോഗിയോട് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സ തേടാൻ നിർദേശിക്കുകയായിരുന്നു.

അടുത്ത ദിവസം ശസ്ത്രക്രിയിലൂടെ കത്രിക നീക്കം ചെയ്യാമെന്നു ഡോക്ടർമാർ പറഞ്ഞതായി ഉഷ ജോസഫ് പറയുന്നു.

തുടർന്നു വീട്ടിലെത്തിയ ശേഷം സംഭവത്തിൻറെ തീവ്രത മനസിലാക്കിയ ബന്ധുക്കൾ വിവരം മത്സ്യത്തൊഴിലാളി കോൺഗ്രസ് നേതാവും പുന്നപ്ര തെക്ക് പഞ്ചായത്ത് വൈസ്പ്രസിഡൻറ് മായ കെ.എഫ്.തോബിയാസിനെ വിവരമറിയിച്ചു.

തുടർന്ന് പുന്നപ്ര പൊലീസിൽ പരാതിയും നൽകി. ഇതേത്തുടർന്നു പ്രശ്നത്തിൽ ഇടപെട്ട കെ.സി. വേണുഗോപാൽ എംപി ഉഷയെ കൊച്ചി അമൃത ആശുപത്രിയിലേക്കു മാറ്റി. ഇതിനിടെ, ആലപ്പുഴ മെഡിക്കൽ കോളജിൽ യൂത്ത് കോൺഗ്രസ് അടക്കമുള്ളവരുടെ ശക്തമായ സമരം അരങ്ങേറി.

## ജീവനോടെ ആമ വീണ്ടും കടലിലേക്ക്



വിഴിഞ്ഞം തുറമുഖ തീരത്ത് വലയിൽ കുടുങ്ങിയ ആമ കുഞ്ഞനെ അദാനി തുറമുഖ തൊഴിലാളികൾ രക്ഷിച്ചു കടലിൽ വിട്ടു

തീരക്കടലിന്റെ അടിത്തട്ടിൽ വലയിൽ കുടുങ്ങിയ നിലയിലായിരുന്നു ആമയെ തൊഴിലാളികൾ കണ്ടെത്തിയത്. വലയിൽ കുടുങ്ങിയ നിലയിൽ വള്ളക്കാർ ഉപേക്ഷിച്ചതോ അല്ലെങ്കിൽ വള്ളക്കാർ ഉപേക്ഷിച്ച വലയിൽ ആമ കുടുങ്ങിയിരിക്കുവാനാണ് സാധ്യത. അടിത്തട്ടിൽ പാറക്കെട്ടുകൾ നിറഞ്ഞ വിഴിഞ്ഞത്തെ തീരക്കടലിൽ ഇത്തരം കടൽ ജീവികളുടെ ആവാസകേന്ദ്രമാണ്.

## മാതാപിതാക്കളെ പൂട്ടിയിട്ട് നൈറ്റ് ഡ്രൈവ്; പ്രായപൂർത്തിയാകാത്ത വിദ്യാർഥി ഓടിച്ച കാർ തലകീഴായി മറിഞ്ഞു

തിരുവനന്തപുരം: കരമനയിൽ പ്രായപൂർത്തിയാകാത്ത വിദ്യാർഥി ഓടിച്ച കാർ അപകടത്തിൽപ്പെട്ടു. മാതാപിതാക്കൾ ഉറങ്ങിക്കിടന്നപ്പോൾ വിദ്യാർഥി മുറി പൂട്ടിയിട്ട് രാത്രിയിൽ കാറുമായി ഇറങ്ങുകയായിരുന്നു എന്നാണ് വിവരം.

കരമന നീറമൺകരയിൽ വച്ച് കാർ തലകീഴായി കുഴിയിലേക്ക് മറിയുകയായിരുന്നു. വിദ്യാർഥിയും സഹപാഠിയുമാണ് കാറിലുണ്ടായിരുന്നത്. ആർസി ഓണറായ അച്ഛനെതിരെ കേസെടുത്തിട്ടുണ്ട്. ഇന്ന് പുലർച്ചെ രണ്ടോടെയാണ് അപകടമുണ്ടായത്. മാതാപിതാക്കളെ വീട്ടിൽ പൂട്ടിയിട്ട് തൊട്ടടുത്ത വീട്ടിലെ സുഹൃത്തിനെയും വിളിച്ചാണ് വിദ്യാർഥി നൈറ്റ് ഡ്രൈവിനിറങ്ങിയത്.

ദേശീയപാതയിലെത്തിയപ്പോൾ വാഹനം നിയന്ത്രണം വിട്ട് ഒരു വീടിന് സമീപത്തെ താഴ്ചയിലേക്ക് തലകീഴായി പതിക്കുകയായിരുന്നു. പോലീസെത്തി രണ്ട് വിദ്യാർഥികളെയും തൊട്ടടുത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇരുവരുടെയും പരിക്ക് സാരമുള്ളതല്ല.

## 'മിനിമം വേതനം ഉയർത്തണം', സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ശനിയാഴ്ച പണിമുടക്കും

തൃശൂർ: സംസ്ഥാനത് സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ശനിയാഴ്ച പണിമുടക്കും. ഏറ്റവും കുറഞ്ഞ വേദനം 40000 രൂപയാക്കി ഉയർത്തണമെന്നാവശ്യപ്പെട്ടാണ് പണിമുടക്ക് നടക്കുന്നത്.

യുണൈറ്റഡ് നഴ്സസ് അസോസിയേഷൻറെ നേതൃത്വത്തിലാണ് പണിമുടക്ക്.

നഴ്സുമാരുടെ ശമ്പളം വർധിപ്പിക്കാൻ സംസ്ഥാന സർക്കാർ ഉത്തരവിറക്കുന്നില്ലെന്നും മിനിമം വേതനം ഉയർത്തുന്നതിനായി ശനിയാഴ്ച സൂചന പണിമുടക്കിനു ശേഷം കൂടുതൽ സമരപരിപാടികളിലേക്ക് നീങ്ങുമെന്നും യുഎൻഎ ദേശീയ അധ്യക്ഷൻ ജാസ്മിൻ ഷാ വ്യക്തമാക്കി.

ശനിയാഴ്ച ആശുപത്രികളിലെ മൂന്നിൽ ഒന്ന് ജീവനക്കാർ ജോലിക്ക് കയറും. ബാക്കിയുള്ളവർ സൂചനാസമരത്തിൽ പങ്കെടുക്കും. പണിമുടക്ക് ദിവസം അവകാശ പ്രഖ്യാപന സമ്മേളനവും നടക്കും. തൃശൂരിലായിരിക്കും അവകാശ പ്രഖ്യാപന സമ്മേളനം നടക്കുക.

നിലവിൽ 20000 രൂപയാണ് ഏറ്റവും കുറഞ്ഞ വേതനം. വർഷങ്ങളായി ശമ്പള പരിഷ്കരണം ഉണ്ടായിട്ടെന്നും സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്നുമാണ് സംഘടനയുടെ ആവശ്യം.

## ഡിഎ വീണ്ടും കൂട്ടി; കൂട്ടിയത് 10 ശതമാനം, ജീവനക്കാർക്ക് ആഹ്ലാദം

തിരുവനന്തപുരം: മൊത്തം ഗവൺമെൻറ് ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ക്ഷാമബത്ത (ഡിഎ ) 10 ശതമാനം കൂട്ടി സർക്കാർ ഉത്തരവായി. നിലവിലുള്ള 25 ശതമാനത്തിൽനിന്ന് 35 ശതമാനമായാണ് കൂട്ടിയത്.

താത്കാലിക ജീവനക്കാർക്കും വർധന ബാധകമാണ്. നിലവിൽ സർക്കാർ ശമ്പളം കിട്ടുന്ന ബോർഡുകൾക്കും കോർപ്പറേഷനും ബാധകമാകും. ഏപ്രിലിൽ കിട്ടുന്ന മാർച്ചിലെ ശമ്പളത്തോടൊപ്പം വർധിപ്പിച്ച ഡിഎ വിതരണം ചെയ്യും.

കഴിഞ്ഞയാഴ്ച മൂന്നു ശതമാനം ഡിഎ കൂട്ടി ഉത്തരവിറക്കിയിരുന്നു. ഇതോടെ ഡിഎ കുടിശിക പൂർണമായും നൽകിയെന്നാണ് കരുതുന്നത്.

## കേസെടുത്ത് മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: അഞ്ചു വർഷം മുമ്പ് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ 59 കാരി ഉഷയുടെ വയറിൽ കത്രിക കുടുങ്ങിയെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു.

## ക്വാറിയിലെ വെള്ളത്തിലേക്ക് മറിഞ്ഞ മിനിലോറി ഡ്രൈവറുടെ മൃതദേഹം കണ്ടെടുത്തു

മലപ്പുറം: ആതവനാട് ഊരോത്തുംപള്ളിയാലിൽ 65 അടി താഴ്ചയുള്ള ക്വാറിയിലെ വെള്ളക്കെട്ടിലേക്ക് മറിഞ്ഞ മിനിലോറി പുറത്തെടുത്തു. ലോറിക്കുള്ളിൽ കുടുങ്ങിപ്പോയ ലോറി ജീവനക്കാരൻ മുസ്തഫയുടെ മൃതദേഹം കണ്ടെത്തിയിട്ടുണ്ട്. ലോറിയുടെ ക്യാബിനിനുള്ളിലായിരുന്നു മുസ്തഫയുടെ മൃതദേഹം ഉണ്ടായിരുന്നത്. ക്യാബിൻ വെട്ടിപ്പൊളിച്ചാണ് മൃതദേഹം പുറത്തെടുത്തത്.

ഏഴു മണിക്കൂറോളം നീണ്ട ശ്രമത്തിനൊടുവിലാണ് ക്വാറിയിലെ വെള്ളത്തിൽനിന്ന് ലോറി ഉയർത്താനായത്. ലോറി ഉയർത്താനുള്ള നാല് ശ്രമങ്ങൾ പരാജയപ്പെട്ട ശേഷം അഞ്ചാം ശ്രമത്തിലാണ് ഉയർത്താനായത്. ഫയർഫോഴ്സും സ്കൂബ ഡൈവിങ് സംഘവും സംയുക്തമായി നടത്തിയ ദൗത്യത്തിനൊടുവിലാണ് ലോറി വെള്ളത്തിൽ നിന്ന് പുറത്തെടുത്തത്. ലോറിയുടെ ക്യാബിൻ പൂർണമായും തകർന്നിരുന്നു. ഹൈഡ്രോളിക് കട്ടറുകൾ ഉപയോഗിച്ച് ലോറിയുടെ ക്യാബിൻ പൊളിച്ചാണ് മുസ്തഫയുടെ മൃതദേഹം പുറത്തെടുത്തത്.

വെള്ളിയാഴ്ച ഉച്ചയ്ക്ക് രണ്ടു മണിയോടെയായിരുന്നു അപകടം. ബ്രേക്ക് പോയി നിയന്ത്രണം നഷ്ടമായാണ് ലോറി ക്വാറിയിലേക്ക് വീണതെന്നാണ് പ്രാഥമിക നിഗമനം. അപകടത്തിനു പിന്നാലെ ലോറിയിലുണ്ടായിരുന്ന ലോറി ഡ്രൈവർ ജാഫറിനെ നാട്ടുകാർ രക്ഷപ്പെടുത്തിയിരുന്നു. ലോറി വീണതിനു പിന്നാലെ ഇയാൾ പുറത്തേക്ക് ചാടുകയായിരുന്നു എന്നാണ് വിവരം. ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഡ്രൈവറുടെ സഹായിയായിരുന്നു മരിച്ച മുസ്തഫ.

തിരൂരിൽനിന്നുള്ള ഫയർഫോഴ്സ് സംഘമാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. പ്രദേശത്ത് ക്ഷേത്രത്തിൽ ഉത്സവം നടക്കുന്നതിനാൽ തിരക്ക് ഒഴിവാക്കിപ്പോകാനാണ് ലോറി ക്വാറിയുടെ ഭാഗത്തുകൂടി സഞ്ചരിച്ചതെന്നാണ് നാട്ടുകാർ പറയുന്നത്.



# പത്തു വർഷത്തെ പ്രവർത്തന നേട്ടങ്ങളുമായി ഹരിതകേരളം മിഷൻ

സാമൂഹ്യസുരക്ഷയ്ക്കും അടിസ്ഥാന സൗകര്യവികസനത്തിനും എന്ന പോലെ പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകിയുള്ള വികസന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയത്. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിനായി 'വെള്ളം, വൃത്തി, വിളവ്' എന്ന ലളിതമായ മുദ്രാവാക്യമുയർത്തി 2016 ൽ സംസ്ഥാന സർക്കാർ തുടക്കമിട്ട ഹരിതകേരളം മിഷനെന്ന ജനകീയ പദ്ധതി ഇന്ന് കേരളത്തിന്റെ പരിസ്ഥിതി ഭൂപടത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ അടയാളപ്പെടുത്തിയിരിക്കുകയാണ്. ജലസംരക്ഷണം, ശുചിത്വ-മാലിന്യസംസ്കരണം, കൃഷിഎന്നിവയുമായി ബന്ധപ്പെട്ട മൂന്ന് ഉപമിഷനുകൾ ചേർന്നതാണ് ഹരിതകേരളം മിഷൻ. ഒരു സർക്കാർ പദ്ധതി എന്നതിലുപരി, വിവിധ വകുപ്പുകളെയും ഏജൻസികളെയും തദ്ദേശഭരണകൂടങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ഏകോപന സംവിധാനമായാണ് പ്രായോഗിക തലത്തിൽ ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. ഭൂമിയെ പച്ചപ്പിലേക്കും ജലാശയങ്ങളെ തെളിനീരിലേക്കും തിരികെ നയിക്കുന്ന പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ഈ മാതൃക കേരളത്തിന്റെ അതിജീവനത്തിന്റെ അടയാളം കൂടിയാണ്.

കഴിഞ്ഞ ഒരു ദശകത്തിലെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളെ വിലയിരുത്തുകയാണെങ്കിൽ ബോധവൽക്കരണമെന്നതിലുപരി പ്രകടമായ ഗുണഫലങ്ങൾ സൃഷ്ടിച്ച് പ്രായോഗിക തലത്തിൽ നടത്തിയ പ്രവർത്തനങ്ങളാണ് കൂടുതൽ ശ്രദ്ധ നേടിയത്. ജലസംരക്ഷണം മുൻനിർത്തി നടത്തിയ ജലമാണ് ജീവൻ, ഇനി ഞാനൊഴുകട്ടെ തുടങ്ങിയ ക്യാമ്പയിനുകൾ ഈ മേഖലയിൽ സൃഷ്ടിച്ച മാറ്റങ്ങൾ ശ്രദ്ധേയമായി.

ഒരുകോടി വൃക്ഷത്തൈകൾ നടാൻ ലക്ഷ്യമിട്ടു നടത്തിയ 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ പരിപാടി ലക്ഷ്യം കടന്നു മുന്നേറി. ആവർത്തിച്ചു ശുചിയാക്കിയതുൾപ്പെടെ 100988 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 6090 പുതിയ കുളങ്ങൾ നിർമ്മിച്ചു. 1013 സ്ഥിരം തടയണകളും 86716 താൽക്കാലിക തടയണകളും നിർമ്മിച്ചു. 10750 കിണറുകൾ റീചാർജ്ജു ചെയ്തു. 20148 കിണറുകൾ നിർമ്മിച്ചു. പശ്ചിമഘട്ട പ്രദേശങ്ങളോട് ചേർന്നുള്ള 230 ഗ്രാമപഞ്ചായത്തുകളിലെ നിർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് പൂർത്തിയാക്കി. ഹയർ സെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി ലാബിനോടു ചേർന്ന് ജലഗുണനിലവാര പ്രാഥമിക പരിശോധനയ്ക്കായി 335 ലാബുകൾ സ്ഥാപിച്ചു. ഈ ലാബുകളിൽ ഇതുവരെ 50000 ലധികം ജലസാമ്പിളുകൾ പരിശോധിച്ചു. രാജ്യത്താദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ തയ്യാറാക്കിയ ജലബജറ്റ് ദേശീയ ശ്രദ്ധനേടി. 706 തദ്ദേശ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറായി. ജലജന്യരോഗ പ്രതിരോധം മുൻനിർത്തി സംസ്ഥാനത്തെ 85 ശതമാനം കിണറുകളിൽ ക്ലോറിനേഷൻ നടത്തി.

ഖരമാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ സംഘടിപ്പിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന് നേതൃത്വം വഹിച്ചതും ഹരിതകേരളം മിഷനാണ്. 358 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. 3570 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാല പദവി നേടി. 2050 ഓടെസംസ്ഥാനത്തെ നെറ്റ് സിറോ കാർബൺ അവസ്ഥയിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ ആശാവഹമായി പുരോഗമിക്കുകയാണ്. 1348 ഏക്കർ സ്ഥലത്തായി 4304 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. 17 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിത ഗ്രാമമായും 2174 വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളായും പ്രഖ്യാപിച്ചു.

ഹയർ സെക്കൻഡറി സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥിനികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്ന പദ്ധതിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിന് ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കിയാണ് എല്ലാ പ്രവർത്തനങ്ങളും നടപ്പാക്കിയത്.

കഴിഞ്ഞ പത്തുവർഷങ്ങളിലായി സംസ്ഥാനത്ത് നടപ്പാക്കിയ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളെ മുൻനിർത്തി ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനം സംഘടിപ്പിക്കുകയാണ്. ഫെബ്രുവരി 23 മുതൽ 25 വരെ തിരുവനന്തപുരത്ത് കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന സമ്മേളനം 23 ഉച്ചയ്ക്ക് 12 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനാകും. മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, റോഷി അഗസ്റ്റിൻ,പി. പ്രസാദ്, വി. ശിവൻകുട്ടി എന്നിവർ പങ്കെടുക്കും. സമാപന സമ്മേളനം ഫെബ്രുവരി 25 ഉച്ചയ്ക്ക് 2.30 ന് കേരള നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്യും. ജനപ്രതിനിധികൾ, പരിസ്ഥിതി മേഖലയിലെ വിദഗ്ധർ, ഗവേഷകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, മാധ്യമ പ്രവർത്തകർ, വിവിധ സംഘടനാ പ്രതിനിധികൾ, വിവിധ വകുപ്പു മേധാവികൾ തുടങ്ങിയവർ പങ്കെടുക്കും.

കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം, നെറ്റ്സീറോ കാർബൺ കേരളം, ഊർജ്ജം, കാലാവസ്ഥാ വ്യതിയാനം, പച്ചത്തുരുത്തുകൾ, മനുഷ്യ വന്യമൃഗ സംഘർഷം, പരിസ്ഥിതിയും മാധ്യമങ്ങളും, കാലാവസ്ഥാ വ്യതിയാനവും കാർഷിക മേഖലയും, ദുരന്തസാധ്യതാ മേഖലകളും ദുരന്തനിവാരണ പ്രവർത്തനങ്ങളും, ജലബജറ്റിംഗ്, വായു-ജല ഗുണനിലവാരം തുടങ്ങി വിവിധ വിഷയങ്ങളിൽ പ്രബന്ധാവതരണം, പാനൽ ചർച്ച, വിദഗ്ധരുടെ പ്രതികരണങ്ങൾ തുടങ്ങിയവയുമുണ്ട്.

രണ്ട് സമാന്തരവേദികളിലായി നടക്കുന്ന 18 സെഷനുകളിൽ 73 പ്രബന്ധാവതരണങ്ങൾ നടക്കും. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവതരണങ്ങളും പദ്ധതി ഗുണഭോക്താക്കളുടെ സംഗമവും ഇതോടൊപ്പം ഉണ്ടാകും.

ഫെബ്രുവരി 23 മുതൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ വിഷയമാക്കി അൻപതിലധികം സ്റ്റാളുകളിലായി പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. പ്രദർശനം കാണാനെത്തുന്നവർക്ക് പ്രവേശനം സൗജന്യമാണ്. ദേശീയ തലത്തിലെ വിദഗ്ധർ പങ്കെടുക്കുന്ന സമ്മേളനത്തിൽ ഉരുത്തിരിയുന്ന ആശയങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ച ശുപാർശകൾ സർക്കാരിന് സമർപ്പിക്കും.

## ഹരിതകേരളം മിഷൻ ഫോട്ടോഗ്രാഫി, റീൽസ് മത്സരങ്ങൾ: വിജയികളെ പ്രഖ്യാപിച്ചു

ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ദേശീയ പരിസ്ഥിതി സമ്മേളനത്തിന്മുന്നോടിയായി സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയ ഫോട്ടോഗ്രാഫി, റീൽസ് മത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു. കേരളത്തിലെ പരിസ്ഥിതി പുനഃസ്ഥാപന മേഖലയിൽ ഹരിതകേരളം മിഷന്റെ വിവിധ ഇടപെടലുകളെ ആസ്പദമാക്കി സംഘടിപ്പിച്ച മത്സരങ്ങളിൽ മികച്ച പങ്കാളിത്തമാണ് ഉണ്ടായത്. പ്രശസ്ത ഛായാഗ്രാഹകൻ കെ.ജി. ജയൻ അധ്യക്ഷനായ ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്.

10,000 രൂപയും സർട്ടിഫിക്കറ്റുമാണ് ഒന്നാം സമ്മാനം. രണ്ടാം സമ്മാനത്തിന് 7,500 രൂപയും സർട്ടിഫിക്കറ്റും, മൂന്നാം സമ്മാനത്തിന് 5,000 രൂപയും സർട്ടിഫിക്കറ്റും, പ്രോത്സാഹന സമ്മാനത്തിന് 2500 രൂപയും സർട്ടിഫിക്കറ്റും ലഭിക്കും. ഫോട്ടോഗ്രാഫി മത്സരത്തിൽ അവസാന റൗണ്ടിലെത്തിയ 160 ചിത്രങ്ങളിൽ നിന്നാണ് മികച്ചവ കണ്ടെത്തിയത്. മത്സരത്തിൽ ആന്റണി വി.ഡി. ഒന്നാം സ്ഥാനം കരസ്ഥമാക്കി. കെ.ബി. വിജയൻ രണ്ടാം സ്ഥാനവും, പ്രമോദ് മൂന്നാം സ്ഥാനവും നേടി. അരവിന്ദൻ മണലി, സുനിൽ കുഴൂർ എന്നിവർ പ്രത്സാഹന സമ്മാനത്തിന് അർഹരായി. പ്രകൃതി സംരക്ഷണത്തിന്റെ നേർക്കാഴ്ചകൾ ഒപ്പിയെടുത്ത ചിത്രങ്ങളാണ് അവാർഡിനായി പരിഗണിച്ചത്. റീൽസ് മത്സരത്തിൽ അവസാന ഘട്ടത്തിലെത്തിയ 20 റീൽസുകളിൽ നിന്ന് നാസർ എടപ്പാൾ പ്രോത്സാഹന സമ്മാനത്തിന് അർഹനായി. വിജയികൾക്കുള്ള സമ്മാനങ്ങൾ ഫെബ്രുവരി23ന് തിരുവനന്തപുരത്ത് നടക്കുന്ന ദേശീയ പരിസ്ഥിതി സമ്മേളനത്തിന്റെ വേദിയിൽ വിതരണം ചെയ്യും.

## കരാർ നിയമനം

കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫയർ സൊസൈറ്റി ഓവർസീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ തിരുവനന്തപുരം, കോഴിക്കോട് റീജിയണുകളിലേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 28 വൈകിട്ട് 4 മണി. കൂടുതൽ വിവരങ്ങൾക്ക്: www.khrws.kerala.gov.in.

## വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പൊതുതെളിവെടുപ്പ് 25ന്

പെർഫോമൻസ് ഓഫ് ഡിസ്ട്രിബ്യൂഷൻ ലൈസൻസീസ് റഗുലേഷൻസ്, റിസോഴ്സ് അഡിക്വസി റഗുലേഷൻസ് എന്നിവയുടെ കരട് വിജ്ഞാപനത്തിന്റെ പൊതുതെളിവെടുപ്പ് ഫെബ്രുവരി 25ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ തിരുവനന്തപുരത്തുള്ള കോർട്ട് ഹാളിൽ ഓൺലൈനായി നടക്കും. ഓൺലൈൻ പൊതുതെളിവെടുപ്പിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കമ്മീഷന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്ക് (https://kserc.sbs/dr2502) മുഖേന രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യണ്ട അവസാന തീയതി ഫെബ്രുവരി 23 വൈകിട്ട് 5 വരെ. കൂടുതൽവിവരങ്ങൾക്ക്: www.erckerala.org, 0471-2735544.

## നിയമസഭാ പുസ്തകോത്സവം: മീഡിയ അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചു

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം എഡിഷൻ മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്ത മാധ്യമ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ പ്രഖ്യാപിച്ചു. ശ്രവ്യ മാധ്യമ വിഭാഗത്തിൽ ക്ലബ് എഫ് എമ്മിനാണ് അവാർഡ്. അച്ചടി മാധ്യമ വിഭാഗത്തിൽ മെട്രോ വാർത്തിയിലെ ബിച്ചു പി. ബി. യെ മികച്ച റിപ്പോർട്ടറായി തെരഞ്ഞെടുത്തു. ജനയുഗത്തിലെ അനഘ രാജീവിന് പ്രത്യേക പരാമർശം ലഭിച്ചു. ദൃശ്യ മാധ്യമ വിഭാഗത്തിൽ മാതൃഭൂമി ന്യൂസിലെ ഇന്ദുലേഖ രാജുവിനെയും ഓൺലൈൻ വിഭാഗത്തിൽ വീക്ഷണത്തിലെ നിസാർ മുഹമ്മദിനേയും മികച്ച റിപ്പോർട്ടർമാരായി തെരഞ്ഞെടുത്തു. ഏഷ്യാനെറ്റ് ന്യൂസിലെ രമ്യ റാമിന് പ്രത്യേക പരാമർശം ലഭിച്ചു. മെട്രോ വാർത്തയിലെ കെ. ബി. ജയചന്ദ്രനെ മികച്ച ഫോട്ടോഗ്രാഫറായും കൈരളി ന്യൂസ് ഓൺലൈനിലെ പ്രകാശ് എസ് എസിനെയും റിപ്പോർട്ടർ ടിവിയിലെ കെ.വിപിൻ കുമാറിനെയും മികച്ച വീഡിയോഗ്രാഫറായും തെരഞ്ഞെടുത്തു. മികച്ച സോഷ്യൽ മീഡിയ റിപ്പോർട്ടിംഗിന് ജാസ്മിൻ ആർ ബിയ്ക്കാണ് അവാർഡ്. സെന്തിൽ ജെ പ്രത്യേക പരാമർമർശം നേടി.

## 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഫെബ്രുവരി24ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/65/2026ഫിൻ. തിയതി 20.02.2026) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

## മാധ്യമ സ്ഥാപനങ്ങൾക്ക് അവാർഡ്

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പിനോടനുബന്ധിച്ച് ജനുവരി 7 മുതൽ 13 വരെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ച മെഗാ ഇവന്റുകളിൽ മികച്ച മെഗാഇവന്റ് അവതരിപ്പിച്ച മാധ്യമ സ്ഥാപനത്തിനുള്ള 20000 രൂപയും പ്രശംസാപത്രവും ശില്പവും അടങ്ങുന്ന അവാർഡിന് ഏഷ്യാനെറ്റ് അവതരിപ്പിച്ച 'ചൈത്രവസന്തം' എന്ന പരിപാടിയെയും മികച്ച രണ്ടാമത്തെ അവതരണത്തിനുള്ള 10,000 രൂപയും പ്രശംസാപത്രവും ശില്പവും അടങ്ങുന്ന അവാർഡിന് ന്യൂസ് മലയാളം 24ത7 അവതരിപ്പിച്ച 'ശരത്കാലം' പരിപാടിയെയും തെരഞ്ഞെടുത്തു. ഡോ. നീനാ പ്രസാദ്, പ്രിജിത് രാജ്, രാഹുൽ എസ് എന്നിവർ ഉൾപ്പെട്ട ജൂറിയാണ് അവാർഡ് ജേതാക്കളെ തീരുമാനിച്ചത്.

## അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാകാർഡ് അനുവദിക്കും : ജി. ആർ. അനിൽ

### മുൻഗണനാ കാർഡിനായുള്ള ഓൺലൈൻ അപേക്ഷകൾ 24 വരെ സമർപ്പിക്കാം

നിലവിൽ ഓൺലൈൻ മുഖേന മുൻഗണനാ കാർഡിനായി അപേക്ഷ സമർപ്പിക്കേണ്ട തീയതി ഫെബ്രുവരി നീട്ടിയതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. ജനുവരി 24 മുതൽ ഫെബ്രുവരി 19 വരെ 50,300 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. എട്ടാമത് തവണയാണ് ഇപ്രകാരം ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതെന്നും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത അർഹരായ എല്ലാ കുടുംബങ്ങളും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നുവെന്നും അവർക്ക് അർഹമായ റേഷൻ വിഹിതം ഉറപ്പുവരുത്തുമെന്നും മന്ത്രി അറിയിച്ചു.മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. അതിദരിദ്രർ ഉൾപ്പെടുന്ന 8531 കുടുംബങ്ങളെ പട്ടികയിൽ നിന്നും ഒഴിവാക്കിയെന്ന പ്രചരണത്തോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. തെറ്റിദ്ധാരണാജനകമായ വാർത്തകൾ തള്ളിക്കളയണമെന്നും അദ്ദേഹം അറിയിച്ചു. തുടർച്ചയായി മൂന്ന് മാസത്തിലധികം റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗം കാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കി നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലെന്ന് കാണുന്ന പക്ഷം അത്തരം കാർഡുകൾ പൊതുവിഭാഗത്തിലേക്ക് തരം മാറ്റണമെന്നാണ് ഭക്ഷ്യഭദ്രതാനിയമത്തിലെ വ്യവസ്ഥ. പ്രസ്തുത ഒഴിവിലേക്ക് അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്തു വരുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻഗണന പട്ടികയിൽ നിന്നും ഒഴിവാക്കുന്ന കാർഡുകൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് സുതാര്യത ഉറപ്പുവരുത്തുവാൻ കൂടിയാണ്. ഈ സർക്കാർ കാലയളവിൽ 58,487 എ.എ.വൈകാർഡുകളും 54,5348 പി.എച്ച്.എച്ച് കർഡുകളുമായി ആകെ 60,3845 കാർഡുകൾ തരം മാറ്റി അനുവദിച്ചിട്ടുണ്ട്. വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ അനർഹരെ കണ്ടെത്തിയാണ് ഒഴിവുകളിലേക്ക് യഥാസമയം അപേക്ഷ ക്ഷണിക്കുന്നതെന്നും മന്ത്രി വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

## കേരള നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിലിന്റെ ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനം തിങ്കളാഴ്ച

കേരള നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിലിന്റെ ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനവും നവീകരിച്ച സോഫ്റ്റ് വെയറിന്റെ ഉദ്ഘാടനവും ഫെബ്രുവരി 23 ഉച്ചക്ക് 12 ന് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും. പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിന് സമീപം നടക്കുന്ന ചടങ്ങിൽ അഡ്വ. വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിക്കും. വാർഡ് കൗൺസിലർ വഞ്ചിയൂർ പി ബാബു, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡാ. ദീന കെ.ജെ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ കെ.വി. തുടങ്ങിയവർ ആശംസകളർപ്പിക്കും. അഡിഷണൽ ഡയറക്ടർ ഓഫ് നഴ്സിംഗ് സർവീസ് രാധാമണി. കെ. ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ ബീന. എം.ആർ, വിവിധ കൗൺസിൽ രജിസ്ട്രാർമാർ, വിവിധ സംഘടനാ ഭാരവാഹികൾ, വിവിധതുറകളിലുള്ള നഴ്സുമാർ നഴ്സിംഗ് വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുക്കും.

## നോർക്ക – കെൽ സൗജന്യ നൈപുണ്യ പരിശീലനം: ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം

വിദേശരാജ്യങ്ങളിലെ തൊഴിൽസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന സൗജന്യ ഹ്രസ്വകാല നൈപുണ്യ പരിശീലന പ്രോഗ്രാമിലെ (റസിഡൻഷ്യൽ) ഇലക്ട്രിക്കൽ മെയിന്റനൻസ് ടെക്നീഷ്യൻ (ട്രാൻസ്ഫോർമർ, മോട്ടോർ,ആൾട്ടർനേറ്റർ, കൺട്രോൾ പാനൽ &വി.എഫ്.ഡി) കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം. സംസ്ഥാന സർക്കാർ സ്ഥാപനങ്ങളായ നോർക്ക റൂട്ട്സും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡും (കെൽ) സംയുക്തമായാണ് കോഴ്സ് സംഘടിപ്പിക്കുന്നത്. വയർമാൻ ലൈസൻസ് ഉള്ള വർക്കോ ഡിപ്ലോമ/ഐടിഐ/ കെ.ജി.സി.ഇ വിദ്യാഭ്യാസ യോഗ്യതയും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്ക് ഛീൃസമൃീകേസല്യമഹമഴീശി സന്ദർശിച്ച് ഫെബ്രുവരി 25 നകം അപേക്ഷ നൽകാം. വയർമാൻ ലൈസൻസ് ഉള്ളവർക്ക് പ്രവൃത്തി പരിചയം അനിവാര്യമല്ല.

ഷോർട്ട്ലിസ്റ്റ് ചെയ്യുന്ന അപേക്ഷകരിൽ നിന്നും അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. കെല്ലിന്റെ എറണാകുളം തൃപ്പൂണിത്തുറയിലുള്ള മാമല യൂണിറ്റിലാണ് പരിശീലനം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കോഴ്സ് ഫീസ്, താമസം, ഭക്ഷണം എന്നിവയുടെ ചെലവുകൾ നോർക്ക റൂട്ട്സ് വഹിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471 2770531, 539, 566. ടോൾ ഫ്രീ നമ്പർ: 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) .

## മൂന്നര വയസുകാരിയെ അയൽക്കാരൻ മാനഭംഗപ്പെടുത്തിയശേഷം കൊലപ്പെടുത്തി

ചണ്ഡീഗഡ്: ഹരിയാനയിലെ ഗുഡ്ഗാവിൽ മൂന്നര വയസുകാരിയെ അയൽക്കാരൻ മാനഭംഗപ്പെടുത്തിയശേഷം കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തി. സംഭവത്തിൽ ബിഹാർ സ്വദേശി ശിവനാഥിനെ പോലീസ് അറസ്റ്റ് ചെയ്തു.ഇന്ന് പുലർച്ചെ 12:30 ഓടെ കുട്ടിയെ കാണാനില്ലെന്നും ശിവനാഥ് കുട്ടിക്കൊണ്ടുപോയി എന്നും കുടുംബം പോലീസിൽ പരാതി നൽകിയിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ പ്രതിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു.വ്യാഴാഴ്ച വൈകുന്നേരം കുട്ടിയെ ആളൊഴിഞ്ഞ സ്ഥലത്തേക്ക് കൊണ്ടുപോയി മാനഭംഗം ചെയ്ത ശേഷം കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തുകയായിരുന്നുവെന്ന് അയാൾ പോലീസിനോട് പറഞ്ഞു. കുട്ടിയുടെ പിതാവിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ ഇയാൾക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൽ ഗവ ഐ.ടി.ഐ-യിൽ എം.എം.ടി.എംട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിനായുള്ള ഒരു ഒഴിവിലേക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ എൻജിനീയറിംഗ് ഡിഗ്രി/ഡിപ്ലോമ അല്ലെങ്കിൽ ടി ട്രേഡിലെ എൻ.ടി.സിയും മൂന്നു വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ എൻ.എ.സിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവരിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം ഫെബ്രുവരി 21 നടത്തും. താല്പര്യമുള്ളവർ യോഗ്യത, ഐഡന്റിറ്റി തെളിയിയ്ക്കുന്ന അസൽ രേഖകളുമായി അന്നേ ദിവസം രാവിലെ 10ന് ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം.

## സീനിയർ ലാബ് ടെക്നീഷ്യൻ അഭിമുഖം

കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി വിവിധ എ.സി.ആർ ലാബുകളിലേക്ക് സീനിയർ ലാബ് ടെക്നീഷ്യൻ തസ്തികയിൽ കരാർ നിയമനത്തിന് ഫെബ്രുവരി 25 രാവിലെ 11ന് അഭിമുഖം നടത്തും. താൽപര്യമുള്ള ഉദ്യോഗാർഥികൾ രാവിലെ 10.30 ന് മുൻപായി അഭിമുഖം നടത്തിപ്പ് കേന്ദ്രത്തിൽ യോഗ്യതാ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളുടെ അസൽ/സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: www.khrws.kerala.gov.in.

## താൽപര്യപത്രം ക്ഷണിച്ചു

ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന ലക്ഷ്യം മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കി വരുന്ന പോളിസിയുടെ ഭാഗമായി ടി ജി സെൻസിറ്റൈസേഷൻ പ്രവർത്തനങ്ങൾ സ്റ്റാർട്ടപ്പുകൾ / ക്രിയേറ്റീവ് മീഡിയ ഏജൻസികൾ മുഖേന ചെയ്യുന്നതിന് താൽപര്യപത്രം ക്ഷണിച്ചു. ഫെബ്രുവരി 28നു മുൻപായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ തപാൽ മുഖേന താൽപര്യപത്രം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ വെബ്സൈറ്റ് സന്ദർശിക്കണം. ഫോൺ: 0471 2306040.

## വനിതാ കമ്മീഷനിൽ അസിസ്റ്റന്റ് ഒഴിവ്

കേരള വനിതാ കമ്മീഷനിൽ നിലവിൽ ഒഴിവുള്ള ഒരു അസിസ്റ്റന്റ് ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 39300- 83000 സ്കെയിലിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ, നിരാക്ഷേപപത്രം സഹിതം മേലധികാരി മുഖേനെ മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, പി എം ജി, പട്ടം പി ഒ, തിരുവനന്തപുരം 695004 എന്ന വിലാസത്തിൽ ഫെബ്രുവരി 28 നകം ലഭിക്കണം.

## റിവർ മാനേജ്മെന്റ്സെന്ററിൽ ഒഴിവ്

സംസ്ഥാന റവന്യൂ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിലെ റിവർ മാനേജ്മെന്റ് സെന്ററിലേക്ക് സ്പെഷ്യലിസ്റ്റ് (ജിയോളജി), ജി.ഐ.എസ്. സ്പെഷ്യലിസ്റ്റ് (ജ്യോഗ്രഫി) തസ്തികകളിലുള്ള ഓരോ ഒഴിവുകളിലേക്ക് ഒരു വർഷത്തേക്ക് കരാർ നിയമനത്തിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർത്ഥികൾ ഐ.എൽ.ഡി.എം വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള ഓൺലൈൻ ഫോം ഫിൽ ചെയ്ത് അപേക്ഷ സമർപ്പിക്കണം. പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന. അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 25. വിശദവിവരങ്ങൾക്ക്: https://ildm.kerala.gov.in/en, ഇ - മെയിൽ: ildm.revenue@gmail.com. ഫോൺ: 0471-2365559.

# പൊള്ളലേറ്റ ധനീഷ് രവിയെ തുടർചികിത്സയ്ക്കായി മലേഷ്യയിൽ നിന്നും ഇന്ന് തിരുവനന്തപുരത്തെത്തിക്കും. തുടർചികിത്സ മെഡിക്കൽ കോളേജിൽ

പൊള്ളലേറ്റതിനെതുടർന്ന് കഴിഞ്ഞ ഡിസംബർ മുതൽ മലേഷ്യയിൽ ചികിത്സയിൽ തുടരുന്ന ധനീഷ് രവിയെ (31) ഇന്ന് ക്വാലാലംപൂരിൽ നിന്നും നോർക്ക റൂട്ട്സ് ഇടപെടലിൽ തിരുവനന്തപുരത്തെത്തിക്കും. എയർ ഏഷ്യാ വിമാനത്തിൽ അർദ്ധരാത്രിയോടെ (11.50 ജങ) എത്തുന്ന ധനീഷ് രവിയെ തുടർ ചികിത്സകൾക്കായി തിരുവനനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റും.

53 ശതമാനത്തിലേറെ പൊള്ളലേറ്റ ധനീഷ് രവി കഴിഞ്ഞ ഡിസംബർ മുതൽ ക്വാലാലംപൂരിലെ യൂണിവേഴ്സിറ്റി മലയ മെഡിക്കൽ സെന്ററിൽ ചികിത്സയിലായിരുന്നു.

മലേഷ്യയിലേക്കുള്ള മനുഷ്യക്കടത്തിനിരയായി ഗാർഹിക ജോലിക്കിടെ ഗുരുതരമായി പൊള്ളലേറ്റ മിനി ഭാർഗവനെ (54) ഇക്കഴിഞ്ഞ മെയ് 23 ന് നോർക്ക റൂട്ട്സിന്റെയും ലോക കേരള സഭയുടേയും ഇടപെടലിൽ കൊച്ചിയിലെത്തിച്ചിരുന്നു.

# എഐ ഉച്ചകോടിയിൽ അപ്രതീക്ഷിത പ്രതിഷേധം; വേദിയിലെത്തി ഷർട്ട് അഴിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകർ

ന്യൂഡൽഹി: 2026 ലെ ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിൽ അപ്രതീക്ഷിത പ്രതിഷേധവുമായി യൂത്ത് കോൺഗ്രസ് പ്രവർത്തകർ. ഡൽഹിയിൽ നടക്കുന്ന എഐ ഉച്ചകോടി വേദിയിലെ ഹാളിലേക്ക് ഇരച്ചുകയറിയ പ്രവർത്തകർ, ഷർഷ് അഴിച്ച് മുദ്രാവാക്യം വിളിച്ച് പ്രതിഷേധിച്ചു.

ഇന്ത്യ യുഎസ് വ്യാപാരക്കരാറിനെതിരെയാണ് യൂത്ത് കോൺഗ്രസ് പ്രതിഷേധിച്ചത്. എഐ സാങ്കേതിക വിദ്യയിലെ വിപ്ലവകരമായ മാറ്റങ്ങളെക്കുറിച്ച് പ്രമുഖ കമ്പനികളുടെ സിഇഒമാർ സംസാരിക്കുന്നതിനിടെയാണ് യൂത്ത് കോൺഗ്രസിന്റെ പ്രതിഷേധമുയർന്നത്.

വ്യാപാര കരാറിനെതിരെ മുദ്രാവാക്യം വിളികളോടെ എത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകർഷർട്ടുകൾ ഊരിമാറ്റി പ്രതിഷേധം രേഖപ്പെടുത്തുകയായിരുന്നു. ഉച്ചകോടി നടക്കുന്ന സ്ഥലത്തെ എക്സിബിഷൻ ഹാളിലേക്ക് അതിക്രമിച്ച് കയറിയ പത്തോളം യൂത്ത് കോൺഗ്രസ് പ്രവർത്തകർ നരേന്ദ്രമോദിക്കെതിരെ മുദ്രാവാക്യം വിളിച്ചു.

മോദിയുടെയും അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെയും ചിത്രങ്ങളും 'ഇന്ത്യയുഎസ് വ്യാപാര കരാർ', എപ്സ്റ്റീൻ ഫയൽസ് എന്നീ പേരുകൾ പതിച്ച വെള്ള ടീ ഷർട്ടുകളും പ്രതിഷേധക്കാർ ഉയർത്തി.

പ്രതിഷേധ മുദ്രാവാക്യങ്ങൾ ഉച്ചത്തിലായതോടെ സുരക്ഷാ ഉദ്യോഗസ്ഥർ ബലമായി പ്രതിഷേധക്കാരെ നീക്കം ചെയ്യുകയായിരുന്നു. ഇവരെ തിലക് മാർഗ് പൊലീസ് സ്റ്റേഷനിലേക്ക് മാറ്റി.

പ്രതിഷേധക്കാരിൽ നാല് പേരെ കസ്റ്റഡിയിലെടുത്തതായി വൃത്തങ്ങൾ അറിയിച്ചു. യൂത്ത് കോൺഗ്രസ് ദേശീയ സെക്രട്ടറി കൃഷ്ണ ഹരി, ബിഹാർ യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി കുന്ദൻ യാദവ്, യുപി യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡൻറ് അജയ് കുമാർ, യൂത്ത് കോൺഗ്രസ് ദേശീയ കോർഡിനേറ്റർ നരസിംഹ യാദവ് എന്നിവരാണ് അറസ്റ്റിലായത്.

യുഎസുമായി ഒപ്പുവച്ച പുതിയ വ്യാപാര കരാറിൽ ഇന്ത്യക്ക് ന്യായമായ നേട്ടങ്ങൾ ലഭിച്ചില്ലെന്ന് പ്രതിപക്ഷം നേരത്തെ ആരോപിച്ചിരുന്നു.

# കൗമാരക്കാരൻറെ തല മരത്തിൽ തൂങ്ങിയ നിലയിൽ കണ്ടെത്തി

ലക്നോ: ഉത്തർപ്രദേശിലെ വാരണാസിയിൽ കാണാതായ കൗമാരക്കാരൻറെ തല മരത്തിൽ തൂങ്ങിയ നിലയിൽ കണ്ടെത്തി.

സംഭവസ്ഥലത്ത് നിന്ന് കണ്ടെത്തിയ വസ്ത്രങ്ങളുടെയും മൃതദേഹത്തിൻറെയും അടിസ്ഥാനത്തിൽ, ജവാരി ദണ്ഡ് കോട്ട സ്വദേശി റാംബിലാസിൻറെ മകൻ മംഗൾ പ്രസാദ് (16) ആണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

ജനുവരി 19 മുതലാണ് മംഗളിനെ കാണാതായിരുന്നു. വാരണാസിശക്തിനഗർ സംസ്ഥാന പാതയിൽ നിന്ന് മൂന്ന് കിലോമീറ്റർ അകലെയുള്ള കാട്ടിലെ ഒരു മരത്തിൽ തൂങ്ങിക്കിടക്കുന്ന മൃതദേഹം ആദ്യം കണ്ടത് സമീപവാസികളായിരുന്നു.

ശരീരത്തിൻറെ ഭൂരിഭാഗവും കാണാനില്ലായിരുന്നു, ചില വസ്ത്രങ്ങളും അസ്ഥികളും അകലെയായി കിടന്നിരുന്നു.വിവരം ലഭിച്ച ഉടൻ തന്നെ പോലീസും ഫോറൻസിക് സംഘവും സ്ഥലത്തെത്തി പരിശോധന നടത്തി. മൃതദേഹത്തിൻറെ ഭാഗങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് അയച്ചട്ടുണ്ട്.

കുടുംബത്തിലുണ്ടായ തർക്കത്തെ തുടർന്ന് ജനുവരി 19ന് മംഗൾ വീട് വിട്ടു പോയതായിരുന്നു. കുടുംബാംഗങ്ങൾ നടത്തിയ തെരച്ചിലിൽ കണ്ടെത്താൻ കഴിയാതെ വന്നതോടെ പോലീസിൽ പരാതി നൽകിയിരുന്നു. മൃതദേഹത്തിന് ഏകദേശം 20 ദിവസം പഴക്കമുണ്ടെന്ന് പോലീസ് പറഞ്ഞു.

# തന്ത്രിയുടെ അറസ്റ്റ് എന്തിനായിരുന്നു എസ്ഐടി മറുപടി പറയണം: വി.ഡി. സതീശൻ

കൊച്ചി: തന്ത്രി കണ്ഠര് രാജീവരുടെ അറസ്റ്റിൽ എസ്ഐടി മറുപടി പറയണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. സിപിഎം നേതാക്കൾക്കെതിരെ ആരോപണം വന്നപ്പോഴാണ് തന്ത്രിയെ അറസ്റ്റ് ചെയ്തത്. കോടതി പറഞ്ഞത് തന്ത്രിക്കെതിരെ തെളിവില്ലെന്നാണെന്നും സതീശൻ പുതുയുഗ യാത്രയ്ക്കിടെ കൊച്ചിയിൽ പറഞ്ഞു.മന്ത്രിയെ അറസ്റ്റ് ചെയ്താലും മുൻ മന്ത്രിയെ അറസ്റ്റ് ചെയ്താലും തന്ത്രിയെ അറസ്റ്റ് ചെയ്താലും എന്ത് കാരണത്തിൻറെ പേരിലാണ്, അവർക്ക് എന്ത് പങ്കാളിത്തമാണ് അതിനകത്ത് ഉള്ളതെന്ന് പറയണം. ഒരു തെളിവും ഇല്ലാതെ, കുറ്റകൃത്യത്തിൽ ഒരു പങ്കാളിത്തവും ഇല്ലാതെ ശബരിമല തന്ത്രിയെ പോലൊരാളെ 41 ദിവസം ജയിലിൽ ഇട്ടത് എന്തിനാണെന്ന് എസ്ഐടി പറയണം.സിപിഎം നേതാക്കൾക്കെതിരായുള്ള ആരോപണങ്ങൾക്ക് മൂർച്ച വച്ചപ്പോൾ അതിൽ നിന്നും വഴി തിരിച്ചു വിടുന്നതിന് വേണ്ടിയാണ് മുഖ്യമന്ത്രിയുടെ ഓഫീസിൻറെ സാന്നിധ്യത്തിൽ തന്ത്രിയെ അറസ്റ്റ് ചെയ്തത് എന്നൊരു ആരോപണമുണ്ട്. തന്ത്രിയെ പോലാരാളെ അറസ്റ്റ് ചെയ്യുമ്പോൾ എന്താണ് അദ്ദേഹത്തിൻറെ പങ്കാളിത്തം എന്തു കുറ്റകൃത്യമാണ് അദ്ദേഹം ചെയ്തിട്ടുള്ളതെന്ന് പറഞ്ഞില്ലെന്നും സതീശൻ പറഞ്ഞു.അതേസമയം, കൊല്ലം വിജിലൻസ് കോടതി കണ്ഠര് രാജീവർക്ക് ജാമ്യം അനുവദിച്ചിരുന്നു. ശബരിമല സ്വർണക്കൊള്ളയുമായി തന്ത്രിക്ക് നേരിട്ട് ബന്ധമുണ്ടെന്ന് തെളിയിക്കാൻ ഈ ഘട്ടത്തിൽ തെളിവുകൾ ഇല്ല എന്നായിരുന്നു കോടതി പറഞ്ഞത്.

# ചായയെച്ചൊല്ലി തർക്കം; സഹോദരനെ കോടാലിക്ക് അടിച്ചുകൊന്നു കുഴിച്ചുമൂടി യുവാവ്

ലക്നോ: ഉത്തർപ്രദേശിലെ ഝാൻസിയിൽ ഉറക്കം തടസപ്പെടുത്തി ചായ ചോദിച്ചതിന് ജ്യേഷ്ഠനെ അനിയൻ കോടാലി കൊണ്ട് അടിച്ചുകൊന്നു.

മുസാരിബ് ബേഗ് എന്ന യുവാവാണ് സഹോദരൻ താരിഖ് ബേഗിനെ കൊലപ്പെടുത്തിയത്.ഫെബ്രുവരി 10 നാണ് സംഭവം നടക്കുന്നത്. മുസാരിബ് ചായ ചോദിച്ചുകൊണ്ട് താരിഖ് ഉറങ്ങിക്കിടന്നിരുന്ന മുറിയുടെ വാതിൽ മുട്ടി. ഉറക്കം തടസപ്പെടുത്തിയതിൽ പ്രകോപിതനായ താരിഖ് മുസാരിഖിനോട് വഴക്കിട്ടു. തുടർന്ന് ഇരുവരും തമ്മിൽ തർക്കിക്കുകയും നിയന്ത്രണം വിട്ട മുസാരിഖ് വീട്ടിലുണ്ടായിരുന്ന കോടാലി എടുത്ത് താരിഖിൻറെ തലയ്ക്കടിക്കുകയുമായിരുന്നു.

ഗുരുതരമായി പരിക്കേറ്റ താരിഖ് സംഭവസ്ഥലത്തുവച്ച് തന്നെ മരിച്ചു. കൊലപാതകത്തിന് ശേഷം മുസാരിഖ് വീടിൻറെ മുറ്റത്ത് ആറടി ആഴമുള്ള ഒരു കുഴി കുഴിക്കുകയും മൃതദേഹം മറവ് ചെയ്ത് ഇഷ്ടികകൾ കൊണ്ട് മൂടുകയും ചെയ്തു.

സംശയം തോന്നാതിരിക്കാൻ കുറച്ച് ദിവസങ്ങൾക്ക് ശേഷം ഇയാൾ സഹോദരനെ കാണാനില്ലെന്ന് പോലീസിൽ പരാതി നൽകിയിരുന്നു. എന്നാൽ ഇയാളുടെ പെരുമാറ്റത്തിൽ മുഹമ്മദ് സലിം എന്ന ബന്ധു സംശയം തോന്നിയിരുന്നു. ഇതേ തുടർന്ന് പോലീസ് മുസാരിഖിനെ ചോദ്യം ചെയ്യുകയും ഇയാൾ കുറ്റം സമ്മതിക്കുകയും ചെയ്തു.

വീടിൻറെ മുറ്റം കുഴിച്ച് താരിഖിൻറെ മൃതദേഹം പുറത്തെടുത്ത് പോസ്റ്റ്മോർട്ടത്തിനായി അയച്ചിരിക്കുകയാണ്.

# അന്തിമ വോട്ടർ പട്ടിക ശനിയാഴ്ച; ആകെ 2.69 കോടി വോട്ടർമാർ

തിരുവനന്തപുരം: നിയമസഭാ തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടിക ശനിയാഴ്ച പുറത്തിറങ്ങും. കരട് വോട്ടർ പട്ടികയേക്കാൾ 15 ലക്ഷം പേർ കൂടിയതായാണ് ഔദ്യോഗിക വിവരം.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറും വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളുമായി ഇന്ന് തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിലാണ് പട്ടികയ്ക്ക് സമ്മതം രേഖപ്പെടുത്തിയത്.

കരട് വോട്ടർ പട്ടികയേക്കാൾ 15 ലക്ഷം വോട്ടർമാർ കൂടിയിട്ടുണ്ട്. എന്നാൽ 53, 229 പേരെ അതിൽ നിന്നൊഴിവായി. ലോക്സഭയിലെ വോട്ടർ പട്ടികയേക്കാൾ വോട്ടർമാരുടെ എണ്ണം കുറഞ്ഞു. എന്നാൽ നിയമസഭാ വോട്ടർ പട്ടികയേക്കാൾ എണ്ണം കൂടിയിട്ടുണ്ട്.

പ്രത്യേക തീവ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിനു ശേഷമാണ് (എസ്ഐആർ) അന്തിമ വോട്ടർ പട്ടിക വരുന്നതെങ്കിലും വിവിധ രാഷ്ട്രീയ പാർട്ടികൾ വ്യത്യസ്ത അഭിപ്രായവുമായി വന്നുകഴിഞ്ഞു. കള്ള വോട്ടുകൾ വീണ്ടും കടന്നുകൂടിയിട്ടുണ്ടെന്ന് സിപിഎം നേതാവ് എം.വി. ജയരാജൻ ആക്ഷേപിച്ചു.

ബൂത്തുകൾ വൻതോതിൽ പുനർനിർണയിക്കപ്പെട്ടതിനാൽ വോട്ടർമാർക്ക് നാലഞ്ചു കിലോമീറ്റർ വരെ കൂടുതൽ പോകേണ്ടി വരുന്നെന്നും അതിനാൽ ബൂത്തുകൾ പുനക്രമീകരിക്കണമെന്നും കോൺഗ്രസ് പ്രതിനിധി പി.സി. വിഷ്ണുനാഥ് പറഞ്ഞു. എസ്ഐആർ വഴി പൗരൻമാരെ പുറത്തുകളയുമെന്ന് വർഗീയ തലത്തിൽ വരെ വ്യാഖ്യാനിച്ചവർ ലജ്ജിച്ച് മാപ്പ് പറയണമെന്ന് ബിജെപി നേതാവ് ജെ.ആർ. പത്മകുമാർ പറഞ്ഞു.



നേമം രജിസ്ട്രേഷൻ സമുച്ചയം മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

# മന്ത്രി വീണാ ജോർജ് മാറിയാലേ ആരോഗ്യ വകുപ്പിലെ സിസ്റ്റം ശരിയാവൂ: ചെന്നിത്തല

ആലപ്പുഴ: ആരോഗ്യമന്ത്രി വീണാ ജോർജിനെതിരെ രൂക്ഷ വിമർശനവുമായി മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല എംഎൽഎ. വീണാ ജോർജ് മന്ത്രി സ്ഥാനത്ത് നിന്നും മാറിയാൽ മാത്രമെ ആരോഗ്യ വകുപ്പിലെ സിസ്റ്റം ശരിയാവുകയുള്ളുവെന്ന് ചെന്നിത്തല പറഞ്ഞു.

മന്ത്രി ഏതു കാര്യത്തിലും സിസ്റ്റത്തെ കുറ്റം പറഞ്ഞു രക്ഷപെടാൻ ശ്രമിക്കുകയാണ്. അത് അംഗീകരിക്കാൻ കഴിയില്ല. ആരോഗ്യ മേഖല സമ്പൂർണ പരാജയമാണെന്നും ചെന്നിത്തല കുറ്റപ്പെടുത്തി.

ചികിത്സാ പിഴവിനെ തുടർന്ന് അഞ്ച് വർഷമായി വയറ്റിൽ കത്രികയുമായി കടുത്ത യാതനകൾ സഹിച്ച് ജീവിക്കേണ്ടി വന്ന പുന്നപ്ര സ്വദേശിനി ഉഷയെ എറണാകുളം അമൃത ആശുപത്രിയിൽ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഞ്ച് വർഷക്കാലമായി കഠിനമായ വേദന അനുഭവിച്ചിട്ടും സ്കാനിങ്ങിൽ പോലും ഇത് കണ്ടെത്താൻ കഴിയാതിരുന്നത് വലിയ വീഴ്ചയാണ്.

എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം പിയുടെ സജീവ ഇടപെടലിനെ തുടർന്നാണ് ഉഷയെ അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഉഷയ്ക്ക് വേണ്ട ഏറ്റവും മികച്ച ചികിത്സ ഉറപ്പാക്കിയിട്ടുണ്ടെന്നും ചെന്നിത്തല വ്യക്തമാക്കി.

കോഴിക്കോട് ഹർഷിനയുടെ കേസിൽ സർക്കാർ കാണിച്ച വഞ്ചന ഉഷയുടെ കാര്യത്തിൽ ആവർത്തിക്കാൻ പാടില്ല. ഹർഷിനയ്ക്ക് 50 ലക്ഷത്തോളം രൂപ ചികിത്സയ്ക്കായി ചിലവായപ്പോൾ സർക്കാർ നൽകിയത് വെറും രണ്ട് ലക്ഷം രൂപയാണ്.

നീതിക്കായി മന്ത്രിയുടെ വീട്ടുപടിക്കൽ സമരം ചെയ്യേണ്ടി വന്ന ആ കുടുംബത്തിൻറെ അവസ്ഥ ഈ പാവപ്പെട്ട കുടുംബത്തിന് ഉണ്ടാകരുത്. ഉഷയുടെ ചികിത്സാ ചിലവ് പൂർണമായും സർക്കാർ വഹിക്കുകയും അടിയന്തരമായി അർഹമായ നഷ്ടപരിഹാരം നൽകുകയും വേണം.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ, പ്രത്യേകിച്ച് ആലപ്പുഴ മെഡിക്കൽ കോളജിൻറെ ശോചനീയാവസ്ഥ ഭയാനകമാണ്. ഡോക്ടർമാരും സ്റ്റാഫുകളും മരുന്നും ഇല്ലാതെ രോഗികൾ വലയുമ്പോഴും മന്ത്രി അനങ്ങുന്നില്ലെന്നും പിഴവുകൾ ചൂണ്ടിക്കാണിക്കുന്ന ഡോക്ടർമാരെ സർക്കാർ പീഡിപ്പിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

# പെട്രോൾ പമ്പിൽ പുകവലി തടഞ്ഞതിന് പമ്പിനു തീയിട്ട് യുവാവ്

റായ്പുർ: ഛത്തീസ്ഗഡിലെ റായ്പുരിൽ പെട്രോൾ പമ്പിൽ പുക വലിക്കുന്നത് തടഞ്ഞതിന് പന്പിന് തീ കൊളുത്തി യുവാവ്. ധർമ്മേന്ദ്ര ക്ഷത്രി എന്ന യുവാവാണ് ലൈറ്റർ ഉപയോഗിച്ച് ഫ്യൂവൽ നോസൽ കത്തിച്ചത്.

ധർമ്മേന്ദ്ര, ഇമ്രാൻ എന്നിവരാണ് ബൈക്കിൽ പെട്രോൾ നിറയ്ക്കാനായി പമ്പിൽ എത്തിയത്. പെട്രോൾ നിറക്കുന്നതിനിടെ ധർമ്മേന്ദ്ര ബൈക്കിൻറെ അടുത്ത് തന്നെ നിൽക്കുമ്പോൾ ഇമ്രാൻ ബൈക്കിൽ തന്നെ ഇരിക്കുകയായിരുന്നു.

ബൈക്കിൻറെ പെട്രോൾ ടാങ്ക് തുറന്നപ്പോൾ ധർമ്മേന്ദ്ര പുകവലിക്കാൻ തുടങ്ങി. തുടർന്ന് പെട്രോൾ പമ്പിൽ പുകവലിക്കരുതെന്ന് ജീവനക്കാരൻ പറഞ്ഞപ്പോൾ ഉടനെ ഇയാൾ ലൈറ്റർ ഉപയോഗിച്ച് ഫ്യൂവൽ നോസൽ പൈപ്പ് കത്തിക്കുകയായിരുന്നു.

തീ ബൈക്കിലേക്കും പമ്പ് മെഷീനിലേക്കും ആളിപടർന്നു. ഇതിനിടെ പമ്പ് ജീവനക്കാരനും ധർമ്മേന്ദ്രനും ഇമ്രാനും ഓടി രക്ഷപ്പെട്ടു. ഉടൻ തന്നെ പന്പിലെ മറ്റൊരു ജീവനക്കാരൻ ഫ്യൂവൽ പൈപ്പ് വലിച്ചുമാറ്റുകയും പ്രധാന ഇന്ധന വിതരണം ഓഫാക്കുകയും ചെയ്തു.

മറ്റ് ജീവനക്കാർ പമ്പിൽ സൂക്ഷിച്ചിരുന്ന ഫയർ സേഫ്റ്റി കിറ്റ് ഉപയോഗിച്ച് തീ അണച്ചത്കൊണ്ട് വലിയ അപകടം ഒഴിവായി.

സംഭവത്തിനു പിന്നാലെ രക്ഷപ്പെടാൻ ശ്രമിച്ച ഇരുവരും പമ്പ് ജീവനക്കാർ പിടികൂടി, പോലീസിൽ അറിയിക്കുകയും പരാതി നൽകുകയും ചെയ്തു. സ്ഥലത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച ശേഷം ഇരുവരെയും പോലീസ് അറസ്റ്റ് ചെയ്തു.

# അമിതവേഗത്തിലെത്തിയ കാർ ഓട്ടോയിലിടിച്ച് ആറ് വയസുകാരി മരിച്ചു

ന്യൂഡൽഹി: ഡൽഹിയിലെ ജാനക്പുരിയിൽ അമിതവേഗത്തിലെത്തിയ കാർ ഓട്ടോയിലിടിച്ച് ആറ് വയസുകാരി മരിച്ചു. സംഭവത്തിൽ കാർ ഡ്രൈവർ സഞ്ജീവിനെ പോലീസ് അറസ്റ്റ് ചെയ്തു.

ഇന്ന് രാവിലെ കുട്ടി മുത്തശി മേഴ്സി സേവ്യറിനൊപ്പം സ്കൂളിലേക്ക് പോകുമ്പോഴായിരുന്നു അപകടം. ഇടിയുടെ ആഘാതത്തിൽ ഓട്ടോ മറിയുകയും ഇരുവരും റോഡിലേക്ക് തെറിച്ചുവീഴുകയും ചെയ്തു.

അപകടത്തിന് പിന്നാലെ രക്തത്തിൽ കുളിച്ച് കിടന്ന കുട്ടിയെ ആശുപത്രിയിലെത്തിക്കാൻ അടുത്ത് നിന്ന ഒരു കാർ ഡ്രൈവറോട് യാചിച്ചപ്പോൾ അയാൾ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടതായി മേഴ്സി പറഞ്ഞു. പിന്നീട് സമീപത്തെ ആശുപത്രിയിലെ ഒരു നഴ്സും മറ്റൊരാളും കൂടിയാണ് തങ്ങളെ ആശുപത്രിയിൽ എത്തിച്ചതെന്നും അവർ പറഞ്ഞു.മേഴ്സിയെയും കുട്ടിയെയും ആദ്യം മാതാ ചനൻ ദേവി ആശുപത്രിയിലും പിന്നീട് ദ്വാരകയിലെ മാക്സ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ചികിത്സയ്ക്കിടെയാണ് പെൺകുട്ടി മരിച്ചത്. അശ്രദ്ധമായി വാഹനമോടിച്ചതിനും അപകടമുണ്ടാക്കിയതിനും സഞ്ജീവനെതിരെ പോലീസ് കേസെടുത്ത് അറസ്റ്റ് ചെയ്തു.

# കെ. സി. വേണുഗോപാൽ വച്ചിരിക്കുന്ന ഫ്ലക്സ് ബോർഡുകൾ മാനവും അഭിമാനവും ഉണ്ടെങ്കിൽ എടുത്തു മാറ്റണം: എ. എം. ആരിഫ്

ആലപ്പുഴ: മറ്റുള്ളവർ പൊരുതി നേടിയ നേട്ടം സ്വന്തം നേട്ടമായി ചിത്രീകരിക്കുന്ന കെ. സി. വേണുഗോപാൽ എംപി ഇനിയെങ്കിലും ആ പണി തുടരരുതെന്ന് മുൻ എംപി എ. എം. ആരിഫ്. തീരദേശ റെയിൽവേയുടെ ഇരട്ടിപ്പിക്കൽ പൂർണമായും അനുമതി നേടിയതും നിർമാണം ആരംഭിച്ചതും തൻറെ കാലത്താണെന്നും ആരിഫ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പൊരുതി നേടിയ വിജയം എന്ന പേരിൽ മണ്ഡലത്തിൽ ഉടനീളം കെ.സി. വേണുഗോപാൽ എംപി സ്ഥാപിച്ചിരിക്കുന്ന ഫ്ലക്സ് ബോർഡുകൾ മാനവും അഭിമാനവും ഉണ്ടെങ്കിൽ എടുത്തു മാറ്റണം. ഇക്കാര്യത്തിൽ പരസ്യമായ ഒരു സംവാദത്തിന് വിനയപൂർവം വേണുഗോപാലിനെ ക്ഷണിക്കുന്നു. പ്രസ് ക്ലബ് ഇക്കാര്യത്തിൽ ഒരു വേദി ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ചില മാധ്യമങ്ങൾ തങ്ങൾ തന്നെ നേരത്തെ പ്രസിദ്ധീകരിച്ച വാർത്തകൾ പോലും മനപ്പൂർവം വേണുഗോപാലിനെ വികസന നായകനാക്കുവാൻ വേണ്ടി മറച്ചുപിടിച്ചിരിക്കുകയാണെന്നും ആരിഫ് കുറ്റപ്പെടുത്തി.

# മഞ്ചേരി കോടതിയിൽ വീണ്ടും ബോംബ് ഭീഷണി

മഞ്ചേരി: ജില്ലാ കോടതിയിൽ ബോംബ് വച്ചിട്ടുണ്ടെന്ന് വീണ്ടും ഭീഷണി. ഇതേത്തുടർന്ന് മഞ്ചേരി പോലീസും ഡോഗ് ബോംബ് സ്ക്വാഡുകളും സ്ഥലത്തെത്തി പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്താനായില്ല. ഇന്ന് രാവിലെ 8.11നാണ് സന്ദേശം മെയിലിൽ എത്തിയത്. ഉച്ചക്ക് 12.15ന് പൊട്ടുന്ന രീതിയിൽ ബോംബുകൾ കോടതിയിൽ വച്ചിട്ടുണ്ടെന്നാണ് സുന്നിയ ദാസൻ എന്ന പേരിലുള്ള മെയിലിൽ നിന്ന് വന്നത്. ഉടൻ കോടതി ജീവനക്കാർ പോലീസിൽ വിവരമറിയിക്കുകയായിരുന്നു. തമിഴ്നാട്ടിൽ നിന്നാണ് മെയിൽ അയച്ചതെന്നാണ് പ്രാഥമിക നിഗമനം. ഇക്കഴിഞ്ഞ ജനുവരി എട്ടിനും സമാനമായ ഭീഷണി സന്ദേശം ജില്ലാ കോടതിയുടെ ഔദ്യോഗിക ഇമെയിലിൽ എത്തിയിരുന്നു. അന്ന് സമാനമായ സന്ദേശം കോഴിക്കോട് മെഡിക്കൽ കോളജിലും കാസർഗോഡ്, ഇടുക്കി ജില്ലാ കോടതികളിലും എത്തിയിരുന്നു. സന്ദേശത്തിൻറെ ഉടവിടം സംബന്ധിച്ച് സമഗ്രമായ അന്വേഷണം ആരംഭിച്ചിരുന്നുവെങ്കിലും പുരോഗതിയൊന്നുമുണ്ടായില്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സമൂഹത്തിന് മാതൃകയായി സ്ത്രീധന, മയക്കുമരുന്ന് വിരുദ്ധ സന്ദേശവുമായി കുഫോസിൽ ബിരുദദാന ചടങ്ങ്



സ്ത്രീധന, മയക്കുമരുന്ന് വിരുദ്ധ സന്ദേശമുയർത്തി കുഫോസിൽ പതിനൊന്നാമത് ബിരുദ ദാന ചടങ്ങ് ഫെബ്രുവരി 19 വ്യാഴാഴ്ച നടന്നു. അക്കാദമിക മികവിനൊപ്പം കുഫോസിന്റെ സാമൂഹിക ഉത്തരവാദിത്വബോധം ഉയർത്തിപ്പിടിക്കുന്നതായിരുന്നു ചടങ്ങ്. ഇതിന്റെ ഭാഗമായി എല്ലാ ബിരുദധാരികളിൽ നിന്നും സ്ത്രീധന, മയക്കുമരുന്ന് വിരുദ്ധ സത്യവാങ്മൂലം വാങ്ങി.

സാമൂഹിക ഉത്തരവാദിത്വമുള്ള പൗരന്മാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി എല്ലാ ബിരുദധാരികളും സ്ത്രീധന, മയക്കുമരുന്ന് വിരുദ്ധ സത്യവാങ്മൂലം നൽകണമെന്ന വ്യവസ്ഥ സർവകലാശാല നിർബന്ധമാക്കിയിരിന്നു.

ലോക ഭക്ഷ്യ അവാർഡ് ജേതാവും പ്രശസ്ത പോഷകാഹാര ഗവേഷകയുമായ ഡോ. ശകുന്തള ഹരക്സിംഗ് തിൽസ്റ്റഡ് മുഖ്യാതിഥിയായി.

110 അണ്ടർ ഗ്രാജുവേറ്റ്, 304 പോസ്റ്റ് ഗ്രാജുവേറ്റ്, 36 പിഎച്ച്ഡി അടക്കം ഈ വർഷം 450 വിദ്യാർഥികൾ ഡിഗ്രി നേടി പുറത്തിറങ്ങി. ഡോ. ഗിരീഷ് ഗോപിനാഥ് ബെസ്റ്റ് ഫാക്കൾട്ടി റിസർച്ചർ അവാർഡും ഡോ രാഹുൽ കൃഷ്ണൻ ബെസ്റ്റ് യങ് ഫാക്കൾട്ടി അവാർഡും ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറിൽ നിന്ന് ഏറ്റുവാങ്ങി.

കൂടാതെ മികച്ച പ്രകടനം കാഴ്ച വെച്ച കുട്ടികൾക്കുള്ള പുരസ്കാരങ്ങളും ഗവർണർ കൈമാറി. റോഷിനി രമേശൻ (ബിഎഫ്എസ് സി), ശ്രീലക്ഷ്മി (ബി എഫ് എ സ് സി), ജുഹൈറ സുൾഫിക്കർ (എംബിഎ), അമല ജോയ് & ആഷ്‌ലി ജോയ് (എം എസ് സി ഫുഡ് സയൻസ് & ടെക്നോളജി), സാന്ദ്ര സുന്ദർ (ബി ടെക്) എന്നിവരാണ് പുരസ്കാര ജേതാക്കൾ. കൂടാതെ 27 ഗോൾഡ് മെഡലുകളും 36 പിഎച്ച്ഡി അവാർഡുകളും ഗവർണർ നൽകി.

# കുഫോസ് സാമൂഹിക ക്ഷേമത്തിനുതകുന്ന വൈജ്ഞാനിക കേന്ദ്രം; മന്ത്രി സജി ചെറിയാൻ

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാ ശാല വെറുമൊരു വൈജ്ഞാനിക കേന്ദ്രമല്ലെന്നും രാജ്യത്തിന്റെ വളർച്ചയിലും സാമൂഹിക ക്ഷേമത്തിനും കടലോര-പാരിസ്ഥിതിക മേഖലകളിൽ ശക്തമായി ഇടപെടാൻ കഴിവുള്ളതുമായ സംസ്ഥാനത്തെ ഏക സർവകലാശാലയാണെന്നും ഫിഷറീസ് സാംസ്കാരിക യുവജന ക്ഷേമ മന്ത്രി ശ്രീ സജി ചെറിയാൻ. കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ പതിനൊന്നാമത് ബിരുദ ദാന ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ അക്കാദമിക നിലവാരം പുലർത്തുന്ന സർവകലാശാലകൾ നിരവധി ഉണ്ടെങ്കിലും സാമൂഹിക പ്രതിബദ്ധത ഇത്രത്തോളം ഉള്ള മറ്റൊരു സ്ഥാപനമില്ല.

ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മത്സ്യ സമ്പത്ത് വർധിപ്പിക്കുന്ന ശാസ്ത്രീയ പഠനങ്ങളിലൂടെ രാജ്യത്തിന്റെ നീല സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിൽ കുഫോസ് മാതൃകയാകട്ടെയെന്നും മന്ത്രി ആശംസിച്ചു.

# കുട്ടനാടിനെ പ്രത്യേക ജില്ലയായി പ്രഖ്യാപിക്കണമെന്ന് ആം ആദ്മി പാർട്ടി

ആലപ്പുഴ: കുട്ടനാടിനെ പ്രത്യേക ജില്ലയായി പ്രഖ്യാപിക്കണമെന്ന് ആം ആദ്മി പാർട്ടി. പ്രത്യേക ജില്ലയെന്ന ആവശ്യവും കർഷക പ്രശ്നങ്ങളും ഉന്നയിച്ച് ഈ മാസം 24 ന് കളക്ട്രേറ്റ് പടിക്കൽ ധർണ നടത്തുമെന്ന് ജില്ലാ ഭാരവാഹികൾ പറഞ്ഞു.മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കുട്ടനാട്ടിൽ വികസന പദ്ധതിയോ ദുരന്ത നിവാരണ പ്രവർത്തനമോ നടപ്പിലാക്കുമ്പോൾ മൂന്ന് ജില്ലാ കളക്ടർമാരുടെയും വിവിധ വകുപ്പുകളുടെയും ഏകോപനം ആവശ്യമായി വരുന്നുണ്ട്. ഇത് പലപ്പോഴും കാലതാമസത്തിന് കാരണമാകുന്നതായി ആം ആദ്മി പാർട്ടി ഭാരവാഹികൾ ചൂണ്ടിക്കാട്ടി.കുട്ടനാട്ടിൽ നിന്ന് ആളുകൾ വലിയ തോതിൽ പാലായനം ചെയ്യുകയാണ്. കുട്ടനാട് കേന്ദ്രീകരിച്ച് ഭരണകേന്ദ്രം വന്നാൽ ഇതിന് പരിഹാരമാകും. ഈ ആവശ്യവും നെൽ കർഷകർ നേരിടുന്ന വിവിധ പ്രശ്നങ്ങളും ഉന്നയിച്ചാണ് 24 ന് രാവിലെ 10 ന് കളക്ട്രേറ്റ് പടിക്കൽ ധർണ നടത്തുന്നത്. തുടർ ദിവസങ്ങളിൽ ജനപ്രതിനിധികൾക്ക് നിവേദനം നൽകും.

താലൂക്ക്, വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ചും ജനകീയ പ്രതിഷേധം സംഘടിപ്പിക്കുമെന്നും ഭാരവാഹികൾ പറഞ്ഞു. ആം ആദ്മി പാർട്ടി ജില്ലാ പ്രസിഡൻറ് രമേശൻ പാണ്ടിശേരി, സെക്രട്ടറി ഷിനു ജോർജ് കരൂർ, കുട്ടി മൂസ, പ്രമോദ് കുമാർ, തോമസ് അലക്സാണ്ടർ തുടങ്ങിയവർ പങ്കെടുത്തു.

# മിനിലോറി ക്വാറിയിലേക്കു മറിഞ്ഞു; ഡ്രൈവറെ രക്ഷപ്പെടുത്തി, സഹായി കുടുങ്ങിക്കിടക്കുന്നു

മലപ്പുറം: മിനിലോറി ക്വാറിയിലെ വെള്ളക്കെട്ടിലേക്ക് മറിഞ്ഞു. മലപ്പുറം ആതവനാട് ഊരോത്ത്പള്ളിയാലിലാണ് അപകടം ഉണ്ടായത്. നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന വാഹനമാണ് അപകടത്തിൽപ്പെട്ടത്.നിയന്ത്രണം വിട്ട ലോറി വെള്ളക്കെട്ടിലേക്ക് മറിയുകയായിരുന്നു. ലോറി പൂർണമായും വെള്ളത്തിൽ മുങ്ങിത്താഴ്ന്നു. വാഹനത്തിൽ ഡ്രൈവറടക്കം രണ്ട് പേരായിരുന്നു ഉണ്ടായിരുന്നു. ഇതിൽ ഡ്രൈവറെ രക്ഷപ്പെടുത്തി. ഡ്രൈവറായ ജാഫറിനെ നിസാര പരിക്കുകളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.സഹായി മുസ്തഫ വാഹനത്തിൽ വണ്ടിയിൽ കുടുങ്ങിക്കിടക്കുകയാണ്. ഇന്ന് ഉച്ചയോടെയാണ് അപകടമുണ്ടായത്. സാധനങ്ങളുമായി പോയ മിനി ലോറി 30 അടി താഴ്ചയിലേക്കാണ് മറിഞ്ഞത്.

# കോഴിക്കോട് സ്കൂൾ വരാന്തയിൽ പ്ലസ് ടു വിദ്യാർഥി ജീവനൊടുക്കിയ നിലയിൽ

കോഴിക്കോട്: കുണ്ടുതോട് ഗവ യുപി സ്കൂൾ വരാന്തയിൽ പ്ലസ് ടു വിദ്യാർഥിയെ മരിച്ച നിലയിൽ കണ്ടെത്തി. കാവിലുംപാറ സ്വദേശിയായ അനുരഞ്ജാണ് മരിച്ചത്.

മറ്റൊരു സ്കൂളിലെ പ്ലസ് ടു വിദ്യാർഥിയാണ് അനുരഞ്ജ്. ഇന്ന് രാവിലെയാണ് അനുരഞ്ജിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.കുട്ടി മാനസികപ്രയാസത്തിലായിരുന്നുവെന്ന് പോലീസ് വ്യക്തമാക്കി.

ഇൻക്വസ്റ്റ് നടപടികളടക്കം പൂർത്തിയാക്കി തൊട്ടിൽപ്പാലം പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു.

